# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM13/1446/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 13/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM13/1446/21 തീയ്യതി: 13/10/2021

**മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 23-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 13-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 13-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.റിഷിൽ.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൽ ഗഫൂർ.സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സിയാദ്.പി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജിത.പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഹസീന | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .ഫ്ളോസിലാസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി .മുനീറാ ബീവി | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി.ആബിദ.പി | അസി.എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീ.മൃദുൽ വിനോദ് | കൃഷി ഓഫീസർ | 01-04-2019 | 20-10-2019 |
| ശ്രീമതി.മുഹ്സിന .എം.കെ | കൃഷി ഓഫീസർ | 21-10-2019 | 31-03-2020 |
| ശ്രീമതി പ്രസന്ന കുമാരി.എസ്.എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീജിഷ | വെറ്ററിനറിസർജൻ | 01-04-2019 | 29-07-2019 |
| ശ്രീമതി.സിന്ധു സത്യൻ | വെറ്ററിനറിസർജൻ | 30-07-2019 | 31-03-2020 |
| ശ്രീ.നന്ദനൻ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ടി എസ് പ്രവീൺ കുമാർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.നാദിയ ഉമർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| മനോജ് കുമാർ | ഡയറി ഡയറി എക്സ്.ഓഫീസർ | 01-04-2019 | 31-03-2020 |
| സോമൻ പി വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ശോഭന എ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 27-06-2019 |
| ശ്രീമതി സുമ | ഹെഡ്മിസ്ട്രസ്സ് | 28-06-2019 | 31-03-2020 |
| ശ്രീമതി.സഫിയ.ടി | ഐസിഡിഎസ് ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rishil.P (Audit Officer, On 29-08-2021)<br>Last Updated By: Rishil.P (Audit Officer, On 31-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rishil.P (Audit Officer, On 29-08-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 10-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Rishil.P (Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-11 |
| 12 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് മുഴുവൻ വിതരണം ചെയ്തില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-12 |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-13 |
| 14 | വിവാഹ ധനസഹായം (പട്ടിക ജാതി) വിതരണം -അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-14 |
| 15 | കുടിവെള്ള വിതരണം - തുക നൽകിയത് ആദായ നികുതി ഈടാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-15 |
| 16 | ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 13-09-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 16-09-2021) | 1-16 |
| 17 | തിരൂർ റോഡ് മുതൽ ബസ്റ്റാന്റ് വരെയുള്ള ഓടയിലെ മാലിന്യം നീക്കം ചെയ്യൽ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 6244 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | 1-17 |
| 18 | കരാർ വച്ചതിന് ശേഷം പദ്ധതിയിൽ നിന്നും പിൻമാറി - | 1-18 |

| | | |
|---|---|---|
| | കരാറുകാരന്റെ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | |
| 19 | പറത്തൊടി അഴുക്ക് ചാൽ നിർമ്മാണം- ബെഡ് കോൺക്രീറ്റിംഗിന് അനാവശ്യ കനം നൽകി<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-19 |
| 20 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 111564 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-20 |
| 21 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-21 |
| 22 | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 1-22 |
| 23 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 1-23 |
| 24 | വിവിധ SC കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ - അപാകതകൾ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-24 |
| 25 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 12-09-2021) | 1-25 |
| 26 | അംഗീകാരം ഇല്ലാത്ത ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി പദ്ധതി പണം ചെലവഴിക്കുന്നു<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-26 |
| 27 | രജിസ്റ്ററുകളുടെ പരിപാലനം - അപാകതകൾ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-27 |
| 28 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല.പമ്പ്ഓപ്പറേറ്റർ വേതനം,വൈദ്യുതി ചാർജ്ജ്,മെയിന്റനൻസ് ചാർജ്ജ് വൻ ബാധ്യത<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021) | 1-28 |
| 29 | പമ്പ് ഓപ്പറേറ്റർ വേതനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021) | 1-28-1 |
| 30 | വൈദ്യുതി ചാർജ്ജ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | 1-28-2 |
| 31 | മെയിന്റനൻസ് ചാർജ്ജ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-28-3 |
| 32 | സമഗ്ര നെൽകൃഷി വികസനം – പദ്ധതി അപാകതകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-29 |
| 33 | ടിഷ്യു കൾച്ചർ-വാഴതൈ വിതരണം:അപാകതകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-30 |
| 34 | ദുരിതാശ്വാസനിധി രൂപീകരിച്ചില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-31 |
| 35 | ബസ് സ്റ്റാന്റ്-ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല | 1-32 |

| | | |
|---|---|---|
| | Written By: Sujitha.P.K (Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | |
| 36 | വാടക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Sujitha.P.K (Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തിരൂർ റോഡ് മുതൽ ബസ്സ്റ്റാന്റ് വരെയുള്ള ഓടയിലെ മാലിന്യം നീക്കം ചെയ്യൽ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 6244 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Sujitha.P.K (Auditor, On 29-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Sujitha.P.K (Auditor, On 29-08-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Sujitha.P.K (Auditor, On 29-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 30-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/1.3.2019 | - |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 18.6.20 | ----- | ------ |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | 2019-20 |
|---|---|
| മുന്നിരിപ്പ് | 31694112 |
| വരവ് | 76000456 |
| ആകെ | 107694568 |
| ചെലവ് | 74656084 |
| നീക്കിയിരിപ്പ് | 33038484 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23267385 | 23267385 | 14948810 | 8318575 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12896176 | 12896176 | 5939748 | 6956428 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1251000 | 1251000 | 590502 | 660498 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5841000 | 5841000 | 2360962 | 3480038 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 14972691 | 14972691 | 6452246 | 8520445 |
| ബി ഫണ്ട് | 0 | 27923400 | 27923400 | 27923400 | 0 |
| സാക്ഷരത | 27574 | 0 | 27574 | 0 | 27574 |
| ശുചിത്വ മിഷൻ | 2487626 | 0 | 2487626 | 0 | 2487626 |
| കുടുംബശ്രീ | 475100 | 0 | 475100 | 0 | 475100 |
| ജല നിധി | 22045694 | 3458588 | 25504282 | 2488371 | 23015911 |
| വിമുക്തി | 44755 | 0 | 44755 | 23000 | 21755 |
| ഗുണഭോക്തൃ വിഹിതം | 563109 | 1199902 | 1763011 | 859885 | 903126 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻആർ.ഇ.ജി.എസ് | 11600 | 17251568 | 17263168 | 16719189 | 543979 |
| സർവ്വ ശിക്ഷ അഭിയാൻ | 75611 | 0 | 75611 | 0 | 75611 |
| എഠെ.സി.ഡി.എസ് | 3684313 | 994695 | 4679008 | 987685 | 3691323 |
| ടോട്ടൽ സാനിറ്റേഷൻ | 1479166 | 0 | 1479166 | 0 | 1479166 |
| പൈക്ക | 194589 | 0 | 194589 | 0 | 194589 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 297 | 145904971 | 142 | 51864291 | - | -- | 47.6% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11600 | 2085162 | 2096762 | 1552783 | 543979 |
| സ്റ്റേറ്റ് ഷെയർ | 0 | 214000 | 214000 | 214000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15158916 | 15158916 | 15158916 | 0 |
| ആകെ | 11600 | 17458078 | 17469678 | 16925699 | 543979 |

കുറിപ്പ് – വാർഷിക കണക്കുമായുള്ള വ്യത്യാസം അപാകതയായി ഖ.1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49200 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 1077600 | 207 |
| വിധവ പെൻഷൻ | 9827400 | 1801 |
| വാർദ്ധക്യകാല പെൻഷൻ | 14011800 | 2744 |
| വികലാംഗപെൻഷൻ | 2589000 | 459 |
| വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 368400 | 66 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.8.21 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37844 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. കുടിവെള്ള പദ്ധതികൾക്ക് വേണ്ടി അറ്റകുറ്റ പണികൾ, ഇലക്ട്രിസിറ്റി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർ വേതനം എന്നീ ഇനങ്ങളിലായി ലക്ഷക്കണക്കിന് രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് സർക്കാർ ഉത്തരവുള്ളതാണ്. കേരള സംസ്ഥാന ഓഡിറ്റ് കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതും ചെലവുകൾ ഗ്രാമ പഞ്ചായത്ത് വഹിച്ചുകൊണ്ടിരിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ എത്രയും വേഗം ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതതാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയത് പാലിക്കപ്പെട്ടിട്ടില്ല. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല എന്നത് ഭരണ സമിതിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി കണുന്നു. ഗ്രാമ പഞ്ചായത്തിന്റെ മിനുട്സ് ബുക്ക് പരശോധിച്ചതിൽ നിന്നും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് പല തവണയായി തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കിയിട്ടില്ല. നിലവിൽ എത്ര കുടിവെള്ള പദ്ധതികൾ പ്രവർത്തന ക്ഷമമാണ്, പ്രവർത്തന ക്ഷമമല്ല എന്നതിന്റെ ഒരു കണക്കുപോലും ഗ്രാമ പഞ്ചായത്തിലില്ല. കുടിവെള്ള പദ്ധതികളുടെ പേര് വിവരം പ്രതിപാതിക്കുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ചാർജ്ജ് രജിസ്റ്ററിൽ കുടിവെള്ള പദ്ധതികളുടെ പേര് രേഖപ്പെടുത്താതെ കൺസ്യൂമർ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലക്ഷക്കണക്കിന് രൂപ എല്ലാ വർഷവും മേൽ ചെലവുകൾക്ക് വേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. കുടിവെള്ള പദ്ധതികൾ യഥാസമയങ്ങളിൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിരുന്നെങ്കിൽ ഇതിന് വേണ്ടി ചെലവഴിക്കുന്ന പണം മറ്റ് മേഖലകളിൽ വിനിയോഗിക്കാമായിരുന്നു. ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന കുടിവെള്ള പദ്ധതികൾക്ക് പുറമെ ജലനിധിയുടെ ജലവിതരണവും ഗ്രാമ പഞ്ചായത്തിൽ ഉണ്ട്. അതുകൊണ്ട് തന്നെ കുടിവെള്ള വിതരണത്തിൽ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളോട് വ്യത്യസ്ഥ രീതിയിലുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ജലനിധി പദ്ധതിയുടെ ഗുണഭോക്താക്കൾ വെള്ളത്തിന് വേണ്ടി പണം കൊടുക്കുകയും അതേ സമയം ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് സൗജന്യമായി വെള്ളം ലഭിക്കുന്ന അവസ്ഥയുമാണുള്ളത്.ഇത് ശരിയായ നടപടിയല്ല. കൂടുതൽ വിശദാംശങ്ങൾ ഖ.1-28 ൽ പരാമർശിച്ചിട്ടുണ്ട്

ISO സർട്ടിഫിക്കേഷൻ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് വേളയിൽ പല ഫയലുകളും ഓഡിറ്റ് അന്വേഷണം മുഖേനയും ആവർത്തിച്ച് ആവശ്യപ്പെട്ടതിനു ശേഷമാണ് ലഭ്യമായിട്ടുള്ളത്. ഏതാനും രജിസ്റ്ററുകൾ അപൂർണ്ണമായി തയ്യാറാക്കിയിരിക്കുന്നു (പ്രത്യേക ഖണ്ഡിക പരാമർശിച്ചിട്ടുണ്ട്). വാർഷിക കണക്കിൽ വൻ തുക Prior Period Expenditure ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയത് പൊരുത്തപ്പെടുത്തുന്നതിന് ആധികാരികമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ജല നിധിയുടെ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. മുൻ വർഷങ്ങളിൽ ലേല നടപടി ക്രമങ്ങളിൽ വീഴ്ചയുണ്ടായിട്ടുള്ളതായും ലേല കുടിശ്ശിക തുകകൾ പിരിച്ചെടുന്നതിൽ വീഴ്ച വന്നതായും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ (NT-H) പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് (No.IW-H1/06/2019 Fin Dtd 7.11.2019 റിപ്പോർട്ട്). ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുമായി ബന്ധപ്പെട്ട വാടക കരാർ പരിശോധനക്ക് ഹാജരാക്കിയില്ല.

ബങ്കുകളുമായി ബന്ധപ്പെട്ട എല്ലാ കരാറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹജരാക്കിയ കരാറുകളിൽ തന്നെ ഭാഗികമായി പൂരിപ്പിച്ചതും കരാർ ചമക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് വക്കാത്തതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബങ്ക് കടകൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെട്ട ബൈലോ പരിശോധനക്ക് ലഭ്യമായിട്ടില്ല . ബങ്കുകൾ 5% വാർഷിക വർദ്ധനവ് വരുത്തി മുൻപ് ലേലം കൊണ്ടവർ തന്നെ കൈവശം വച്ച് പോരുകയാണ് ചെയ്തു വരുന്നത്. നിശ്ചിത ഇടവേളകളിൽ ബങ്കുകൾ പുനർ ലേലം നടത്തി ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മിക്ക ബങ്കുകളും 3000 രൂപയിൽ കുറഞ്ഞ നിരക്കിലാണ് വാടകക്ക് നൽകിയിട്ടുള്ളത്. ബങ്കുകളുടെ വാടക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

മേൽ വിഷയങ്ങളിൽമേൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.1.20 | 12/19 വരെ | ലഭ്യമല്ല |
| അകൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.12.2012 | 2007-08 മുതൽ 2011-12 വരെ | 10.12.2012 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019-20സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല.(ബാങ്ക് ബുക്കുകൾ ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

2.SBI OWN Fund A/C No. 57052750347 -RP 40(B) പ്രകാരം നീക്കിയിരിപ്പ്

2268557എന്നാൽ Reconciliation Statement -ൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 2362600 വ്യത്യാസം 94043

3.താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്,ബാങ്ക്/'ട്രഷറി സ്റ്റേറ്റ്മെന്റ് ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | അക്കൗണ്ട് | RP 40(B) പ്രകാരം നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | Treasury Special TSB Joint Venture | 2982975 | ട്രഷറി സ്റ്റേറ്റ്മെന്റ് ഇല്ല |
| 2 | Jalanidhi -Panjab National Bank-4307000100341557 | 1821182 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |
| 3 | Jalanidhi BWSS-PNB-4307000100355383 | 2179 | „ |
| 4 | KGB Own Fund 40233101045462 | 1762063 | „ |
| 5 | SBI SSA 67040044465 | 75611 | „ |
| 6 | SBI TSC-57052671975 | 2316166 | „ |
| 7 | SBI Kudumba Sree-57052750369 | 475100 | „ |
| 8 | SBI PYKA-67092154274 | 194589 | „ |
| 9 | SBI- Saksharatha -57052750336 | 27574 | „ |
| 10 | SBI-VAT 67176567584 | 29180 | „ |
| 11 | Service Co-Operative Bank -272 | 50 | „ |
| 12 | SBI-Emanal-67246872816 | 953973 | „ |
| 13 | SBI Service Tax-67313651203 | 1424 | „ |

4.തൊഴിൽ നികുതി (ജീവനക്കാർ)ആയത് B-15 ൽ കാണിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| 1 | തൊഴിൽ നികുതി ജീവനക്കാർ | 2512187 | 2477137 | 35050 |

5.തൊഴിൽ നികുതി ,D&O ലൈസൻസ് , Rent From Building,Rent From Land Of Lease,Bustand Receipts,Public Comfort Station,Building Permit Fee,Building Regularisation Feeഎന്നിവയുടെ സംഗ്രഹം തയ്യാറാക്കി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6.Bus Stand Receipts(Arrears )127825 (B-15) ഉണ്ടെങ്കിലും രജിസ്റ്റർ പ്രകാരം ബാലൻസ് ഇല്ല.

7.ജലനിധി AFS പ്രകാരം 3458588 രൂപ വരവ് ഉണ്ടെങ്കിലും ആയതിന്റെ ബാങ്ക്സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

8.ഇൻവെസ്റ്റ്മെന്റ് 55000 രൂപ ഉണ്ടെങ്കിലും രസീത് /രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

9,Advance/ Deposit വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

10. വസ്തു നികുതി സഞ്ചയ പ്രകാരമുള്ള വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

11 MGNREGS യഥാർത്ഥ വരവ് Cash Book / Financial Proforma Report പ്രകാരം

17251568 ആണ് .എന്നാൽ Income And Expenditure പ്രകാരം 15887808 രൂപ.

12.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

13.ജലനിധി A/C No. 4307000100341557(PNB) പ്രകാരം 1821182 രൂപയും A/C No. 4307000100355383(PNB) 2179 രൂപയും അടക്കം ആകെ 1823361 രൂപയാണ് 31.3.20 ലെ നീക്കിയിരിപ്പ് .എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 23015911 ആണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

## 1-12 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് മുഴുവൻ വിതരണം ചെയ്തില്ല.

അസിസ്റ്റന്റ് സെക്രട്ടറി 19-20-ൽ നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം (പ്രൊജക്ട് നം.14/20) എന്ന പദ്ധതിക്കായി 21 ലാപ്ടോപുകൾ വാങ്ങുന്നതിനായി 476763 രൂപ (21x22703) ബിൽ നം. 4/29.2.20 പ്രകാരം (വികസന ഫണ്ട് SCP) പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. 21 ലാപ്ടോപുകൾ വാങ്ങിയിട്ടുണ്ടെങ്കിലും 16 ഗുണഭോക്താക്കൾക്ക് മാത്രമാണ് നൽകിയിട്ടുള്ളത് (Invoice No.ITP/04654/20-21/23.10.20). (5 എണ്ണം വിതരണം ചെയ്യാൻ ബാക്കിയുള്ളതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.) 27.7.19 ലെ 1/13 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്താക്കൾക്കുള്ള ലാപ്ടോപിനായി 29.2.20 ന് തുക കെൽട്രോണിന് നൽകിയെങ്കിലും 2020 ഒക്ടോബറിലാണ് ലാപ്ടോപ് ലഭ്യമായത്.

5 എണ്ണം വിതരണം ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/6.9.21 ന് നിലവിലെ അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടി, 2019-20 വർഷത്തിൽ ഉൾപ്പെട്ട പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് എന്ന പദ്ധതിക്കായി ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും മാർഗരേഖ പ്രകാരമുള്ള സർട്ടിഫിക്കറ്റ് ,മറ്റ് രേഖകളൊന്നും തന്നെ അന്നത്തെ നിർവ്വഹണോദ്യാഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി വാങ്ങി സൂക്ഷിച്ചിരുന്നില്ലന്നും ലിസ്റ്റ് അംഗീകരിച്ച് വർഷം കഴിഞ്ഞ് ലഭിച്ച

എന്ന സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും പലർക്കും ആയതിന് സാധിച്ചില്ലെന്നും ,പലരും മാർഗ്ഗരേഖയിൽ പ്രതിപാതിക്കുന്ന കോഴ്സുകൾ പഠിക്കുന്നവരായിരുന്നില്ലെന്നും ലാപ് ടോപ് വൈകി ലഭ്യമായതിനാൽ ഗുണഭോക്താക്കൾ പലരും പഠിതാക്കൾ അല്ലാതാവുകയും ചെയ്തു എന്നും അവശേഷിക്കുന്ന ലാപ്ടോപുകൾ അർഹരായ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരത്തോട് കൂടി കമ്മിറ്റി അംഗീകരിച്ച് വിതരണം ചെയ്യാൻ ശ്രമിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെയും ആവശ്യമായ രേഖകൾ വാങ്ങാതെയും ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്. വിതരണം ചെയ്യാത്ത ലാപ്ടോപുകൾ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിവിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത 5 ലാപ് ടോപിന്റെ ചെലവ് 113515 രൂപ (22703x5)തടസ്സം ചെയ്യുന്നു.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1.തൊഴിൽ നികുതി അടവാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2019-20 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പാരിസൺ മില്ലിംഗ് കമ്പനി പ്രൈ.ലിമിറ്റഡ് | I&II |
| 2 | കുറ്റിപ്പുറം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | I&II |
| 3 | രാജധാനി മിനറൽസ് പ്രൈ.ലിമിറ്റഡ് | I&II |
| 4 | അമാന മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | I&II |
| 5 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | II |
| 6 | ആർ.ആർ മെഷിനറീസ് & എഞ്ചിനീയറിംഗ് | I&II |
| 7 | കെമ്കോ എഞ്ചിനീയറിംഗ് | I&II |
| 8 | വസുദേവ ഗാസ് ഏജൻസി | II |
| 9 | ഡി.റ്റി.പി.സി | I |
| 10 | എസ്.ഐ.ബി. | II |
| 11 | ബാലൻ &മോഹൻ എച്ച്.പി.സി ഡീലേഴ്സ് | I&II |
| 12 | റിഡെക്സ് ഡിജിറ്റൽ പ്രിന്റിംഗ് പ്രസ്സ് | I&II |
| 13 | എസ്.ബി.ഐ. | I&II |
| 14 | ഇമ്പിച്ചി ബാവ മെമ്മോറിയൽ റൂറൽ കോപ്പറേറ്റീവ് സൊസൈറ്റി | I&II |
| 15 | കെ.എസ്.ഇ.ബി | I&II |
| 16 | ഗാൽവനോ മെട്രോ റൂഫിംഗ്പ്രൈ.ലിമിറ്റഡ് | I |
| 17 | പോപ്പുലർ മോട്ടോർ വേൾഡ് പ്രൈ.ലിമിറ്റഡ് | I&II |
| 18 | കേരള ഗ്രാമീൺ ബാങ്ക് | I |
| 19 | ചെമ്മണ്ണൂർ ക്രെഡിറ്റ് ലിമിറ്റഡ് | I |
| 20 | ശ്രീ പ്രെട്രോളിയം ഏജൻസി | I&II |

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വി.ഇ. ഒ | I&II |
| 2 | എം.എം.എച്ച്.എസ്.മൂടാൽ | II |
| 3 | വസുദേവ ഗാസ് ഏജൻസി | I |
| 4 | പമ്പ് ഓപ്പറേറ്റർമാർ | II |
| 5 | ഡി.റ്റി.പി.സി | II |
| 6 | ഫെഡറൽ ബാങ്ക് | II |
| 7 | ഗാൽവനോ മെട്രോ റൂഫിംഗ്പ്രൈ.ലിമിറ്റഡ് | II |
| 8 | പി.എൻ.വൈ.സഭ | II |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.30/10.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വിവാഹ ധനസഹായം (പട്ടിക ജാതി) വിതരണം -അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി 19-20-ൽ നിർവ്വഹണം നടത്തിയ വിവാഹ ധനസഹായം (പട്ടിക ജാതി) വിതരണം (പ്രൊജക്ട് നം.10/20) എന്ന പദ്ധതിക്കായി താഴെപ്പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽനം./തിയ്യതി | തുക |
|---|---|---|
| 1 | 1/22.10.19 | 450000 |
| 2 | 2/18.1.20 | 375000 |
| 3 | 3/31.1.20 | 150000 |

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ റിമാർക്സിൽ കാണിച്ച അപാകതകൾ കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക | ബിൽനം./ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | വേലായുധൻ ചെമ്പലാടൻ S/O കറപ്പൻ,എടച്ചലം | 75000 | 2/18.1.20 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2 | അയ്യപ്പൻ ,പുഴനമ്പ്രത്ത് പല്ലിയാലിൽ,കുറ്റിപ്പുറം | 75000 | 3/31.1.20 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 3 | കുറുമ്പ ഇല്ലത്തുപറമ്പിൽ,കുറ്റിപ്പുറം | 75000 | 3/31.1.20 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 4 | കുമാരി കെ.എം<br>കുറ്റീരി മേൽ പറമ്പിൽ | 75000 | 1/22.10.19 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 5 | വിശ്വനാഥൻ തൊട്ടിൽപ്പടി,പൈങ്കണ്ണൂർ | 75000 | 1/22.10.19 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല,<br>പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഇല്ല. |
| 6 | മണികണ്ഠൻ വി.പി<br>വലിയ പറമ്പിൽ<br>പൈങ്കണ്ണൂർ | 75000 | 1/22.10.19 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 7 | ബിന്ദു.എ, കുളത്ത് പറമ്പിൽ<br>പകരനെല്ലൂർ | 75000 | 2/18.1.20 | പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഇല്ല |
| | ആകെ | 525000 | | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം തി.13/6.9.21 ന് മറുപടി ലഭ്യമാക്കിയില്ല്ല. ചെലവ് തുക 525000 രൂപ തടസ്സം ചെയ്യുന്നു.

## 1-15 കുടിവെള്ള വിതരണം - തുക നൽകിയത് ആദായ നികുതി ഈടാക്കിയില്ല

കുടിവെള്ളം വിതരണം ചെയ്തതിന് ശ്രീ മുഹമ്മദ് ഷാനിസ് എന്നയാൾക്ക് 469998 രൂപ യും(വൗച്ചർ നം.21900189/24.6.19 200000(രൂപ ), വൗച്ചർ നം.21900728/12.11.19, 269998 രൂപ ) ചെറുകുന്ന് SC കോളനിയിൽ കുടിവെള്ളം വിതരണം ചെയ്തതിന് ശ്രീ.സക്കീർ ടി.പി എന്നവർക്ക് 108000 രൂപ (വൗച്ചർ നം.219001100/25.2.20 45000 രൂപ) ,(വൗച്ചർ നം.21901249/20.3.20 ,63000 രൂപ )നൽകിയിട്ടുണ്ട്.എന്നാൽ കരാറുകാരിൽ നിന്നും ആദായ നികുതി നിയമം വകുപ്പ് 194 C പ്രകാരം 1% നികുതി ഈടാക്കിയട്ടില്ല.ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ആദായ നികുതി ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/2.9.21 ന് തുക ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.)

## 1-16 ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

സർക്കാർ അംഗീകൃത ബൈലോ പ്രകാരമായിരിക്കണം ലേലം സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട അംഗീകൃത ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി അനധികൃതമായി കൈവശം വെച്ച് അനുഭവിക്കുന്നവർക്കെതിരെയുള്ള നിയമ നടപടികളെ പോലും ദുർബലപ്പെടുത്തുന്നതിന് ഇത് കാരണമായേക്കാം.ബൈലോ പരിശോധനക്ക് ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (22/08.09.2021) നല്കിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 തിരൂർ റോഡ് മുതൽ ബസ്റ്റാന്റ് വരെയുള്ള ഓടയിലെ മാലിന്യം നീക്കം ചെയ്യൽ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 6244 രൂപ

തിരൂർ റോഡ് മുതൽ ബസ്റ്റാന്റ് വരെയുള്ള ഓടയിലെ മാലിന്യം നീക്കം ചെയ്യൽ എന്ന പ്രവൃത്തിയാണിത്. എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള ഓടയുടെ കവറിംഗ് സ്ലാബ് എടുത്തു മാറ്റി ഓടയിലെ മാലിന്യം നീക്കം ചെയ്യുകയും പുതിയതായി 50 കവറിംഗ് സ്ലാബുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. പ്രവൃത്തിയുടെ ഇനം 3 പ്രകാരം സ്ലാബിന് സെന്ററിംഗ് ഷട്ടറിംഗ് ചെയ്തതിന് DAR Code 5.9.5 [illegible] 14374.43 (29.90 M2@480.75/M2) [illegible] Lintels,Beams,Plinth, Beams,Girders

5.9.3 പ്രകാരമുള്ള നിരക്ക് വച്ച് 14374.43 (29.90 M2@480.75/M2) രൂപ അനുവദിച്ചു. Lintels,Beams,Plinth Beams,Girders Bressumers,Cantilevers തുടങ്ങിയ ഇനങ്ങൾക്ക് ബാധകമായ നിരക്കാണ് DAR 5.9.5 പ്രകാരമുള്ളത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് ഡ്രൈനേജിനുള്ള കവറിംഗ് സ്ലാബിനുള്ള സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തിയായതിനാൽ ഇതിന് അനുവദനീയമായത് DAR 5.9.1പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക @480.75/$M^2$ | നൽകാവുന്ന തുക @271.91/$M^2$ | അധികം |
|---|---|---|---|---|
| പ്രോജക്റ്റ് - (225/20)<br>ഫണ്ട് - Plan (G)<br>ബിൽ 35/20.1.20<br>തുക - 146320<br>M Book – 61/17-18<br>കരാർ-36/26.12.17 (Estimate Rate)<br>കരാറുകാരൻ ശ്രീ.ഒ.ഹനീഫ<br>Cost Index-40.2% DAR<br>TS-300000 | 29.90 $M^2$ | 14374.43 | 8130 | 6244 |

തൻ വർഷത്തിൽ ചെയ്ത മറ്റ് ഡ്രൈനേജിനുള്ള കവറിംഗ് സ്ലാബിനുള്ള സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തികളിൽ DAR 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഉദ:- പാറത്തൊടി ഡ്രൈനേജ് നിർമ്മാണം (255/20)

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 / 6.9.21 (2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അംഗീകാരം നൽകിയതിലും വന്ന അപാകതയായതിനാൽ അധികം നൽകിയ 6244രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 കരാർ വച്ചതിന് ശേഷം പദ്ധതിയിൽ നിന്നും പിൻമാറി - കരാറുകാരന്റെ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഏറ്റെടുത്ത കരാറുകാരൻ കരാർ വച്ചതിന് ശേഷം പ്രവൃത്തി നടപ്പാക്കുന്നതിൽ നിന്നും പിൻമാറി. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011 പ്രകാരം അംഗീകരിച്ച ടെണ്ടറിൽ നിന്നും കരാറുകാരൻ പിൻമാറിയാൽ കരാറുകാരന്റെ നിരത ദ്രവ്യം (EMD) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. കരാറിൽ നിന്ന് പിൻമാറിയതിനാൽ ബന്ധപ്പെട്ട കരാറുകരനെതിരെ ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ച് പ്രസ്തുത പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യുന്നതിന് 16.3.20 ലെ 9 നമ്പർ ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ട്. പ്രവൃത്തികളിൽമേൽ കരാറുകാരൻ അടവാക്കിയ നിരത ദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയതിന്റെ വിവരവും കരാറുകാരനെതിരെ സ്വീകരിച്ച മറ്റ് നടപടികളുടെ വിവരവും അറിയിക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17 /6.9.21 (2019-20))മറുപടി ലഭ്യമാക്കിയില്ല.

| പ്രവൃത്തി | തുക | കരാറുകാരൻ | നിരതദ്രവ്യം | രസീത് |
|---|---|---|---|---|
| ജാറം ഇടവഴി റോഡ് നവീകരണം<br>(പ്രോജക്റ്റ് നം. - 110/20) | 250000 | ബാബു.K | 6000 | 531136/4.10.19 |
| കട്ടാപ്പപ്പടി ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ്<br>(പ്രോജക്റ്റ് നം. - 190/20) | 150000 | ബാബു.K | 1000<br>1000 | 999998/31.10.19<br>04344/31.10.19 |
| TK.അഹമ്മദ് സാഹിബ് റോഡ് നവീകരണം<br>(പ്രോജക്റ്റ് നം. - 189/20) | 200000 | ബാബു.K | 5000 | 531225/7.12.19 |

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ മേൽ പ്രവൃത്തികളുടെ നിരത ദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയതിന്റെ വിവരവും കരാറുകാരനെതിരെ സ്വീകരിച്ച മറ്റ് നടപടികളുടെ വിവരവും അറിയിക്കേണ്ടതാണ്.

വിവരവും കരാറുകാരനെതിരെ സ്വീകരിച്ച മറ്റ് നടപടികളുടെ വിവരവും അറിയിക്കേണ്ടതാണ്.

## 1-19 പറത്തൊടി അഴുക്ക് ചാൽ നിർമ്മാണം- ബെഡ് കോൺക്രീറ്റിംഗിന് അനാവശ്യ കനം നൽകി

പ്രോജക്റ്റ് നമ്പർ - 230/20

ഫണ്ട് -Plan (G) – 1,50,000

Block Share-1,27,000

ബിൽ നം. 1/9.5.19 – 150000

ചെക്ക് - JC 5517460/10.2.20-122486

മൂല്യ നിർണ്ണയം - 272486

അളവ് പുസ്തകം- 102/18-19

കരാറുകാരൻ -TK.ആലിക്കുട്ടി

കരാർ. AE/LSGD/KTPM/92/18-19 Dtd.5.3.19

TS-2,77,000

Cost Index – 37.25 (2016 DAR)

പ്രവൃത്തിയുടെ റിവൈസഡ് എസ്റ്റിമേറ്റ് പ്രകാരം ഡ്രൈനേജ് നിർമ്മാണത്തിന് 90 മീറ്റർ നീളത്തിലും 90 Cm വീതിയിലും മണ്ണ് കിളച്ചെടുത്ത് ഇതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റിംഗ് (1:4:8 CC (40mm) ) 10 Cm കനത്തിൽ ചെയ്ത്, 5 Cm കനത്തിൽ വിയറിംഗ് കോട്ടും ഇരു വശത്തും ഫോം വർക്ക് ചെയ്യുകയും മുകളിൽ 15 Cm കനത്തിൽ കവറിംഗ് സ്ലാബ് വക്കുകയും ചെയ്യുന്നു.

അളവ് പുസ്തകം ഇനം 2 പ്രകാരം 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ്(1:4:8 CC (40 Mm) ചെയ്തതിന് 49778.56 (8.099m3x6146.26/M3) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് മുകളിലായി ഇനം 6 പ്രകാരം 5 Cm കനത്തിൽ വിയറിംഗ് കോട്ട് (1:2:4 CC (20mm)) ചെയ്തിട്ടുണ്ട്. നിലവിൽ കോൺക്രീറ്റ് റോഡുകൾക്കാണ് 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 Cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 5 Cm കനത്തിലും കൊടുക്കുന്നത്. ഭാരമേറിയ വാഹനങ്ങൾ കടന്നു പോകുന്ന കോൺക്രീറ്റ് റോഡിന് 15 Cm കനം മതി എന്നിരിക്കെ വെള്ളം മാത്രം ഒഴുകുന്ന ഡ്രൈനേജിന് 15 Cm കനം കൊടുത്തത് വഴി അനാവശ്യ ചെലവുണ്ടായി. വീതി കുറഞ്ഞ കോൺക്രീറ്റ് റോഡുകളിൽ അതിന് ആവശ്യമായ കനം കൊടുത്താൽ മതി എന്ന് ചീഫ് എഞ്ചിനീയറുടെ കത്ത് ഉള്ളതാണ് (ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD കത്ത്). ഈ പ്രവൃത്തിയിലും 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 7.5 Cm കനത്തിൽ നൽകിയിരുന്നെങ്കിൽ താഴെ പറയും പ്രകാരം അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

<u>7.5cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് ചെയ്യുകയാണെങ്കിൽ അനുവദിക്കാവുന്ന തുക</u>

ചെയ്തത് - 8.099m3

8.099m3 X 7.5cm/10cm = 6.074cm

6.074cm X 6146.26/M3 = 37332.38

അധികം - 49778.56 – 37332.38 = 12446

ബെഡ് കോൺക്രീറ്റിംഗിന് അധിക കനം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15 / 6.9.21 (2019-20)) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 111564 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ബഡ്സ് സ്കൂളിൽ ഫിസിയോ തെറാപ്പി സെന്റർ കെട്ടിട നിർമ്മാണം ( 254/20 )<br>ഫണ്ട് - തനത് ഫണ്ട്- 7,00,000<br>ചെക്ക് നം -377445/18.7.19- 5,00,000<br>3140689/24.10.19- 1,75,866<br>മൂല്യ നിർണ്ണയം -675866 (Extra Item വന്നിട്ടുണ്ട്)<br>PAC-675866 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം 119/18-19<br>കരാറുകാരൻ - P.P. ദിലീഷ്.TP<br>കരാർ- AE/LSGD/KTPM/47/17-18<br>Dtd.2.2.18<br>TS-7,00,000 | 2.2.18 | 1.6.18 വരെ<br>(4 മാസം) | 11.7.19 | 53166<br>2.6.18 മുതൽ 1.9.18 വരെ 6758.6<br>2.9.18 മുതൽ 1.12.18 വരെ 13517<br>2.12.18 മുതൽ 1.3.19 വരെ 13517<br>2.3.19 മുതൽ 1.6.19 വരെ 13517<br>2.6.19 മുതൽ 10.7.19 വരെ 5857 |
| 2 | NH പള്ളിപ്പടി-മാമ്പിപ്പടി റോഡ് പുനരുദ്ധാരണം ( 247/20 )<br>ഫണ്ട് - തനത് ഫണ്ട്- 3,30,000<br>ചെക്ക് നം -377445/18.7.19- 3,30,000<br>മൂല്യ നിർണ്ണയം -3,30,000<br>PAC-328894 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം 118/18-19<br>കരാറുകാരൻ - P.P. അബ്ദുൾ കരീം<br>കരാർ- AE/LSGD/KTPM/110/18-19<br>Dtd.7.3.19<br>TS-3,30,000 | 7.3.19 | 6.5.19 വരെ<br>(2 മാസം) | 5.7.19 | 2193<br>7.5.19 മുതൽ 5.7.19 വരെ 2193 |
| 3 | പറത്തൊടി അഴുക്ക് ചാൽ നിർമ്മാണം (230/20)<br>ഫണ്ട് -Plan (G) – 1,50,000<br>Block Share-1,27,000<br>ബിൽ നം. 1/9.5.19 – 150000<br>ചെക്ക് - JC 5517460/10.2.20-122486<br>മൂല്യ നിർണ്ണയം - 272486<br>PAC-273840 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം- 102/18-19<br>കരാറുകാരൻ -TK.ആലിക്കുട്ടി<br>കരാർ. AE/LSGD/KTPM/92/18-19<br>Dtd.5.3.19<br>TS-2,77,000 | 5.3.19 | 4.6.19 വരെ<br>(3മാസം) | 12.12.19 | 8640<br>5.6.19 മുതൽ 4.9.19 വരെ 2738<br>5.9.19 മുതൽ 4.12.19 വരെ 5476<br>5.12.19 മുതൽ 12.12.19 വരെ 426 |
| 4 | പൂങ്കോറതോട് തടയണ നിർമ്മാണം (257/20)<br>ഫണ്ട് -Plan (G) – 49000<br>Own Fund - 51000<br>ബിൽ നം. 30/25.10.19 – 49000<br>ചെക്ക് - 3140690/24.10.19 -21770<br>കൊടുത്തിട്ടില്ല - 7557<br>മൂല്യ നിർണ്ണയം - 78372<br>PAC-99306 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം- 64/18-19<br>കരാറുകാരൻ -അബ്ദുൽ ഒഫൂർ<br>കരാർ. AE/LSGD/KTPM/42/17-18<br>Dtd.26.12.17<br>TS-1,00,000 | 26.12.17 | 25.8.18 വരെ<br>(8മാസം) | 17.7.19 | 6135<br>26.8.18 മുതൽ 25.11.18 വരെ 993<br>26.11.18 മുതൽ 25.2.19 വരെ 1986<br>26.2.19 മുതൽ 25.5.19 വരെ 1986<br>26.5.19 മുതൽ 17.7.19 വരെ 1170 |
| 5 | വിവിധ SC കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ (259/20)<br>ഫണ്ട് -Plan (SCP) – 390600<br>ബിൽ നം. 33/20.1.20 – 256922 | 24.3.18 | 23.6.18 വരെ<br>(3മാസം) | 11.6.19 | 15328<br>24.6.18 മുതൽ |

| | | | | | |
|---|---|---|---|---|---|
| | മൂല്യ നിർണ്ണയം - 256922 (എക്സ്ട്രാ ഐറ്റം വന്നതിനാൽ മൂല്യനിർണ്ണയം കൂടി)<br>PAC-226171 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം- 132/18-19<br>കരാറുകാരൻ -ഉമ്മർ<br>കരാർ. AE/LSGD/KTPM/56/17-18<br>Dtd.24.3.18<br>TS-390600 | | | | 23.9.18 വരെ 2261.7<br>24.9.18 മുതൽ 23.12.18 വരെ 4523<br>24.12.18 മുതൽ 23.3.19 വരെ 4523<br>24.3.19 മുതൽ 11.6.19 വരെ 4020 |
| 6 | ഇരുമ്പലം കുന്ന് SC കോളനി റോഡ് പുനരുദ്ധാരണം (274/20)<br>ഫണ്ട് -Plan (SCP) – 2,95,000<br>ബിൽ നം. 37/20.1.20 – 260623<br>മൂല്യ നിർണ്ണയം - 260623<br>PAC-293655 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം- 75/18-19<br>കരാറുകാരൻ -അബ്ദുൾ ഒഫൂർ.K<br>കരാർ. AE/LSGD/KTPM/64/18-19<br>Dtd.15.12.18<br>TS-2,95,000 | 15.12.18 | 14.3.18 വരെ<br>(3മാസം) | 7.6.19 | 26102<br>15.3.18 മുതൽ 14.618 വരെ 2936.5<br>15.6.18 മുതൽ 14.9.18 വരെ 5873<br>15.9.18 മുതൽ 14.12.18 വരെ 5873<br>15.12.18 മുതൽ 14.3.19 വരെ 5873<br>15.3.19 മുതൽ 7.6.19 വരെ 5546.7 |
| | ആകെ | | | | 111564 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 19 / 6.9.21 (2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കാത്തതിനാൽ ഉണ്ടായ നഷ്ടം 111564 രൂപ പ്രവൃത്തികളുടെ പേമെന്റ് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വിഷമം സൃഷ്ടിക്കും.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്യൂ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) മിക്ക പ്രവൃത്തികളുടെ ഫയലുകളിലും ചേർത്ത് വയ്ക്കുന്നില്ല. വച്ചവയിൽ തന്നെ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. മിക്ക പ്രവൃത്തികളിലും TS സ്ലിപ്പ് , സെലക്ഷൻ നോട്ടീസ് എന്നിവ ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ

ഓഡിറ്റ് ബോധ്യമായ പ്രൊവിഷൻ വച്ചിട്ടില്ല.

8. വർക്ക് ഓർഡറിൽ സെലക്ഷൻ നോട്ടീസ് നമ്പർ, കരാർ നമ്പർ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 1-22 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 225 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 94 പ്രൊജക്ടുകളിലായി ആകെ 2,10,71,939 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 225 | ആകെ അടങ്കൽ | 5,95,25,273 |
| നടപ്പിലാക്കിയത് | 94 | ചെലവ് | 2,10,71,939 |
| ശതമാനം | 41.77 | ചെലവ് ശതമാനം | 35.39 |

മേൽ പദ്ധതികളിൽ 75 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 16 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല. ഒരു അസിസ്റ്റന്റ് എഞ്ചിനിയർ , രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ കൂടുതലായി പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

111)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

lv) എല്ലാ പ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് 10 മാസം നൽകിയതായി കാണുന്നു. 15000 രൂപ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും 5 ലക്ഷം രൂപ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും പൂർത്തീകരണ കാലയളവ് ഒരുപോലെ നൽകിയത് ക്രമപ്രകാരമല്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 2019-20വർഷത്തിൽ 2,10,719 രൂപ കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഏതാനും പ്രവൃത്തികളിലൊഴികെ ഭൂരിപക്ഷം പ്രവൃത്തികളിലും ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 21 /6.9.21) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 വിവിധ SC കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ - അപാകതകൾ

പ്രോജക്റ്റ് നം. - 259/20

ഫണ്ട് -Plan (SCP) – 390600

ബിൽ നം. 33/20.1.20 – 256922

മൂല്യ നിർണ്ണയം - 256922 (എക്സ്ട്രാ ഐറ്റം വന്നതിനാൽ മൂല്യനിർണ്ണയം കൂടി)

അളവ് പുസ്തകം- 132/18-19

കരാറുകാരൻ -ഉമ്മർ

കരാർ. AE/LSGD/KTPM/56/17-18 Dtd.24.3.18

TS-390600

Cost Index – 37.25 (2016 DAR)

ഗ്രാമ പഞ്ചായത്തിലെ കുനംപറമ്പ്, ഹിൽ ടോപ്പ്, മൂർദ്ധാവ്, കാരിയാർകുന്ന് എന്നീ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾക്ക് വേണ്ടിയാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കാരിയാർ കുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള മോട്ടോർ റിപ്പയർ ചെയ്യാനാവാത്ത വിധം കേടുവന്നിട്ടുള്ളതിനാൽ 7.5 HP പുതിയ മോട്ടോർ വക്കുകയും മറ്റ 3 കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള കേടുവന്ന പൈപ്പുകളും ടാപ്പും വാട്ടർ ടാങ്കുകളും മാറ്റി പുതിയത് സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുക എന്നതാണ് വിഭാവനം ചെയ്തത്. 256922 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തീകരിച്ച ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. കുടിവെള്ള പദ്ധതികളുടെ കേടുവന്ന പമ്പിംഗ് മെയിൻ മാറ്റി 184 മീറ്റർ GI പൈപ്പ് (50 Mm Dia) സ്ഥാപിച്ചതിന് 72288 രൂപ അനുവദിച്ചിട്ടുണ്ട്. (അളവ് പുസ്തകം പേജ് , എക്സ്ട്രാ ഇനം 2). എന്നാൽ അളവ് പുസ്തകത്തിൽ ഏതൊക്കെ കുടിവെള്ള പദ്ധതികൾക്ക് എത്ര മീറ്റർ സ്ഥാപിച്ചു എന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2. 4 Mm Sub Cable (Havells) 260 മീറ്റർ വാങ്ങി (Invoice No.B2B/29.3.19,IndoTech Pump,Puthanathani) കാരിയാർ കുടിവെള്ള പദ്ധതിക്ക് വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള കുടിവെള്ള പദ്ധതിയായതിനാൽ ഇതിൽ ഉണ്ടായിരുന്ന 260 മീറ്റർ കേബിൾ എന്ത് ചെയ്തു എന്നതിന്റെ വിവരം ഇല്ല.

3. Observed Data ആയാണ് സബ് മേഴ്സിബിൾ മോട്ടോറിനും അനുബന്ധ സാമഗ്രികൾക്കും കൂടി നിരക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഡാറ്റയിൽ കാണിച്ചിട്ടുള്ളതും ഭാരത് ഇലക്ട്രിക്കൽസ്, പട്ടാമ്പി എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം (Tax Invoice No. BE/1749/27.3.19) കാണിച്ചിട്ടുള്ളതും 10 HP സബ് മേഴ്സിബിൾ മോട്ടോർ ആണ്. എന്നാൽ അളവ് പുസ്തകം പേജ് നം. 18 പ്രകാരം 7.5 HP സബ് മേഴ്സിബിൾ മോട്ടോർ ആണ് പ്രവൃത്തിയിൽ സ്ഥാപിച്ചതായി രേഖപ്പെടുത്തയിരിക്കുന്നത്. രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. വാട്ടർ ടാങ്ക് മാറ്റി പുതിയത് സ്ഥാപിച്ചതിന് 49750 രൂപ (5000 Ltre@9.95) അനുവദിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ എസ്റ്റേിറ്റ് പ്രകാരം 2000 ലിറ്ററിന്റെ 3 വാട്ടർ ടാങ്കുകൾക്കാണ് പ്രൊവിഷൻ വച്ചിട്ടുള്ളത്. അളവ് പുസ്തക പ്രകാരം 5000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചു എന്നാണ് കാണുന്നത്. ഇത് ഏത് കുടിവെള്ള പദ്ധതിയിൽ ആണെന്നതിന്റെ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

5. പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

6. പ്രവൃത്തികളുടെ അളവുകളും മറ്റും പരിശോധിച്ച് കൃത്യമായി രേഖപ്പെടുത്തുകയും ആയത് മേലുദ്യോഗസ്ഥൻ ചെക്ക് മെഷർ ചെയ്യേണ്ടതുമാണ് എന്നിരിക്കെ ഈ പദ്ധതിയിലെ പ്രവൃത്തികളിൽ നടത്തിയ അളവുകൾ കൃത്യമായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെയും ആയത് മേൽപരിശോധന നടത്തിയ ഉദ്യോഗസ്ഥന്റേയും ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 20 / 6.9.21 (2019-20) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തിയുടെ അളവുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയ അസി.എഞ്ചിനീയറുടെ മേൽ ചെലവ് തുക 256922 രൂപ തടസ്സം ചെയ്യുന്നു.

## 1-25 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ഇതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി ആയത് എ.കി. എഞ്ചിനീയറുടെ

പേരിലുള്ള അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18 /6.9.21 (2019-20))മറുപടി ലഭ്യമാക്കിയില്ല.

ഇ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 അംഗീകാരം ഇല്ലാത്ത ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി പദ്ധതി പണം ചെലവഴിക്കുന്നു

അംഗീകാരം ഇല്ലാത്ത ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി വേണ്ടി വർഷങ്ങളായി പ്ലാൻ ഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നു. തൻവർഷത്തിൽ ബഡ്സ് സ്കൂളിന് വേണ്ടി തൻവർഷത്തിൽ 130995 രൂപ ചെലവഴിച്ചിട്ടുണ്ട്.

4.1.2017 ലെ 7 ാം നമ്പർ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പഞ്ചായത്ത് ഏറ്റെടുത്ത് രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിച്ചത്. എന്നാൽ നാളിതുവരെ സെന്ററിന് അംഗീകാരം ലഭിച്ചിട്ടില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പ് ചെലവ് എന്ന പേരിൽ ഓരോ വർഷങ്ങളിലും പ്രോജക്റ്റ് ഉണ്ടാക്കുകയും ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥ മുഖേന നിർവഹണം നടത്തുകയും ചെയ്തുവരുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ ടീച്ചർക്കുള്ള വേതനം, ഹെൽപ്പർമാർക്കുള്ള വേതനം, കുട്ടികളെ വീട്ടിൽ നിന്നും സെന്ററിലേക്ക് കൊണ്ട് വരുന്നതിനും തിരിച്ച് കൊണ്ട് പോകുന്നതിനും ഡ്രൈവർക്കുള്ള വേതനം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിലായി താഴെ പറയും പ്രകാരം തുകകൾ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് വേണ്ടി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

| 2016-17 | 2017-18 | 2018-19 |
|---|---|---|
| 2,43,974 | 2,20,800 | 1,34,880 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും രേഖകൾ പ്രകാരം ഇവിടെ 11 കുട്ടികളാണ് പഠിക്കുന്നത്. സെക്രട്ടറിയുടെ 26.9.2019 ലെ A4-408/19 കത്ത് പ്രകാരം രജിസ്ട്രേഷൻ അനുവദിക്കുന്നതിനായി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് കത്ത് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി ഒപ്പിട്ടതായോ ഡെസ്പാച്ച് ചെയതതായോ കാണുന്നില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് രജിസ്ട്രേഷൻ നാളിത് വരെ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.41/13.921) മറുപടി ലഭ്യമാക്കിയിട്ടില്ല. സാമൂഹ്യ നീതി വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങളിൽ പലതും ഇല്ലാത്തത് കൊണ്ടാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് നിലവിലും അംഗീകാരം ലഭിക്കാത്തത് എന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 രജിസ്റ്ററുകളുടെ പരിപാലനം - അപാകതകൾ

1. കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾ, ഇലക്ട്രിസിറ്റി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർ വേതനം എന്നിവക്ക് വേണ്ടി ഗ്രാമ പഞ്ചായത്ത് ലക്ഷക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നത്. എന്നാൽ കുടിവെള്ള പദ്ധതികളുടെ പേര് വിവരം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനങ്ങളായ ഷോപ്പിംഗ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ഡിമാന്റ് - വരവുകൾ രേഖപ്പെടുത്തുന്ന ലേല രജിസ്റ്റർ , കുടിശ്ശിക ലേല രജിസ്റ്റർ അപൂർണ്ണമായാണ് തയ്യാറാക്കിയിരിക്കുന്നത്.

3. ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ബങ്കുകളുമായി ബന്ധപ്പെട്ട രജിസ്റ്റർ അപൂർണ്ണമായാണ് തയ്യാറാക്കിയിരിക്കുന്നത്. നിലവിൽ പ്രസ്തുത ബങ്കുകൾ കൈവശം വച്ചിരിക്കുന്ന വാടകക്കാർക്ക് പ്രസ്തുത ബങ്കുകൾ ലേലം ചെയ്ത് നൽകിയ തിയതി, ലേലം ഉറപ്പിച്ച തുക , ബങ്കുകൾ കൈമാറിയ തിയതി, പുനർ ലേല വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5. ഗ്രാമ പഞ്ചായത്തിൽ വിവിധ തരം ഓഡിറ്റുകൾ നടക്കുന്നുണ്ടെങ്കിലും ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
6. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാലികമല്ല.

## 1-28 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല.പമ്പ്ഓപ്പറേറ്റർ വേതനം,വൈദ്യുതി ചാർജ്ജ്,മെയിന്റനൻസ് ചാർജ്ജ് വൻ ബാധ്യത

30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത കുടിവെള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2, 4,6,13,15,19,20,23 എന്നീ വാർഡുകളിലെ കുടിവെള്ള പദ്ധതികൾ നാളിത് വരെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക്

വൈദ്യുതി ചാർജ്ജായി രൂപയും 1234917 പമ്പ് ഓപ്പറേറ്റർ വേതനമായി 684109 രൂപയും മെയിന്റനൻസ് ചാർജ്ജായി17656 രൂപയുംചെലവഴിച്ചതായി കാണുന്നു.വിശദ വിവരം ചുവടെ

## 1-28-1 പമ്പ് ഓപ്പറേറ്റർ വേതനം

| മാസം | തുക | | വൗച്ചർ നം.തിയ്യതി | ചെക്ക് നം/തിയ്യതി |
|---|---|---|---|---|
| ഏപ്രിൽ 2019 | 40920 | 6820 | 2190035/9.4.19 | 072454/9.4.19 |
| | | 6820 | 2190037/10.4.19 | 072456/10.4.19 |
| | | 6820 | 2190038/10.4.19 | 072457/10.4.19 |
| | | 6820 | 2190046/12.4.19 | 072464/12.4.19 |
| | | 6820 | 2190047/12.4.19 | 072465/12.4.19 |
| | | 6820 | 21900062/30.4.19 | 072475/30.4.19 |
| മേയ് 2019 | 79640 | 6820 | 2190069/2.5.19 | 072479/2.5.19 |
| | | 6820 | 2190070/2.5.19 | 072480/2.5.19 |
| | | 6820 | 21900681/3.5.19 | 072487/3.5.19 |
| | | 6820 | 21900082/7.5.19 | 072488/7.5.19 |
| | | 6160 | 21900083/7.5.19 | 072488/7.5.19 |
| | | 6600 | 21900098/8.5.19 | 072496/8.5.19 |
| | | 6600 | 21900100/17.5.19 | 072498/17.5.19 |
| | | 6600 | 21900119/17.5.19 | 072503/17.5.19 |
| | | 6600 | 21900120/17.5.19 | 072504/17.5.19 |
| | | 6600 | 21900151/29.5.19 | 213131/29.5.19 |
| | | 6600 | 21900152/29.5.19 | 213132/29.5.19 |
| | | 6600 | 21900153/29.5.19 | 213133/29.5.19 |
| ജൂൺ 2019 | 20240 | 6600 | 21900175/1.6.19 | 213140/1.6.19 |
| | | 6820 | 21900176/1.6.19 | 213141/1.6.19 |
| | | 6820 | 21900227/27.6.19 | 213175/27.6.19 |
| ജൂലായ് 2019 | 52809 | 5069 | 21900258/5.7.19 | 213187/5.7.19 |
| | | 6820 | 21900259/5.7.19 | 213188/5.7.19 |
| | | 6820 | 21900260/5.7.19 | 213189/5.7.19 |
| | | 6820 | 21900261/5.7.19 | 213190/5.7.19 |
| | | 6820 | 21900262/5.7.19 | 213191/5.7.19 |
| | | 6820 | 21900302/16.7.19 | 213208/16.7.19 |
| | | 6820 | 21900306/16.7.19 | 213214/16.7.19 |
| | | 6820 | 219003072/16.7.19 | 213215/16.7.19 |
| ആഗസ്റ്റ് 2019 | 100540 | 13420 | 21900429/29.8.2019 | 377494/29.8.19 |
| | | 6600 | 21900430/29.8.2019 | 377495/29.8.19 |
| | | 13420 | 21900431/29.8.2019 | 377496/29.8.19 |
| | | 13420 | 21900432/29.8.2019 | 377497/29.8.19 |
| | | 13420 | 21900433/29.8.2019 | 377498/29.8.19 |
| | | 13420 | 21900434/29.8.2019 | 377499/29.8.19 |
| | | 13420 | 21900435/29.8.2019 | 377500/29.8.19 |
| | | 13420 | 21900436/29.8.2019 | 377501/29.8.19 |
| സെപ്റ്റംബർ 2019 | 43120 | 6160 | 21900538/26.9.19 | 516360/26.9.19 |
| | | 6160 | 21900539/26.9.19 | 516361/26.9.19 |
| | | 6160 | 21900540/26.9.19 | 516362/26.9.19 |

| | | | | |
|---|---|---|---|---|
| | | 6160 | 21900541/26.9.19 | 516363/26.9.19 |
| | | 6160 | 21900553/28.9.19 | 516371/28.9.19 |
| | | 6160 | 21900554/28.9.19 | 516372/28.9.19 |
| | | 6160 | 21900555/30.9.19 | 516374/30.9.19 |
| | | 6600 | 21900615/17.10.19 | 010767/17.10.19 |
| | | 6600 | 21900616/17.10.19 | 010768/17.10.19 |
| | | 6600 | 21900617/17.10.19 | 010769/17.10.19 |
| ഒക്ടോബർ 2019 | 46200 | 6600 | 21900618/17.10.19 | 010770/17.10.19 |
| | | 6600 | 21900619/17.10.19 | 010771/17.10.19 |
| | | 6600 | 21900620/17.10.19 | 010772/17.10.19 |
| | | 6600 | 21900621/17.10.19 | 010773/17.10.19 |
| | | 6820 | 21900729/13.11.19 | 516391/13.11.19 |
| | | 6820 | 21900730/13.11.19 | 516392/13.11.19 |
| | | 6820 | 21900746/20.11.19 | 010817/20.11.19 |
| നവംബർ 2019 | 47740 | 6820 | 21900747/20.11.19 | 010818/20.11.19 |
| | | 6820 | 21900749/21.11.19 | 010819/21.11.19 |
| | | 6820 | 21900763/28.11.19 | 010823/28.11.19 |
| | | 6820 | 21900764/28.11.19 | 010824/28.11.19 |
| | | 6600 | 21900827/12.12.19 | 010904/12.12.19 |
| | | 6600 | 21900828/12.12.19 | 010905/12.12.19 |
| | | 6600 | 21900832/13.12.19 | 010908/13.12.19 |
| ഡിസംബർ 2019 | 46200 | 6600 | 21900833/13.12.19 | 010909/13.12.19 |
| | | 6600 | 21900841/21.12.19 | 010914/21.12.19 |
| | | 6600 | 21900842/21.12.19 | 010915/21.12.19 |
| | | 6600 | 21900843/21.12.19 | 010916/21.12.19 |
| | | 6820 | 21900913/4.1.20 | 011015/4.1.20 |
| | | 6820 | 21900914/4.1.20 | 011016/4.1.20 |
| | | 6820 | 21900915/4.1.20 | 011017/4.1.20 |
| ജനവരി 2020 | 47740 | 6820 | 21900918/4.1.20 | 011019/4.1.20 |
| | | 6820 | 21900919/4.1.20 | 011020/4.1.20 |
| | | 6820 | 21900925/7.1.20 | 011023/7.1.20 |
| | | 6820 | 21900926/7.1.20 | 011024/7.1.20 |
| | | 6820 | 21901046/7.2.20 | 011109/7.2.20 |
| | | 6820 | 21901047/7.2.20 | 011110/7.2.20 |
| | | 6820 | 21901048/7.2.20 | 011111/7.2.20 |
| ഫെബ്രുവരി 2020 | 47740 | 6820 | 21901049/7.2.20 | 011112/7.2.20 |
| | | 6820 | 21901050/7.2.20 | 011113/7.2.20 |
| | | 6820 | 21901051/7.2.20 | 011114/7.2.20 |
| | | 6820 | 21901052/7.2.20 | 011115/7.2.20 |
| മാർച്ച് 2020 | 111220 | 11600 | 21901166/5.3.20 | 011294/5.3.20 |
| | | 11600 | 21901167/5.3.20 | 011295/5.3.20 |
| | | 11600 | 21901187/9.3.20 | 011300/9.3.20 |
| | | 11600 | 21901188/9.3.20 | 011301/9.3.20 |
| | | 11600 | 21901189/10.3.20 | 011302/10.3.20 |
| | | 11600 | 21901190/10..3.20 | 011303/10.3.20 |

| | | | | |
|---|---|---|---|---|
| | | 11600 | 21901191/10.3.20 | 011304/10.3.20 |
| | | 6820 | 21901227/11.3.20 | 011311/11.3.20 |
| | | 11600 | 21901228/11.3.20 | 011311/11.3.20 |
| | | 11600 | 21901234/11.3.20 | 011316/11.3.20 |
| ആകെ | 684109 | | | |

## 1-28-2 വൈദ്യുതി ചാർജജ്

| മാസം | തുക | | വൗച്ചർ നം.തിയ്യതി | ചെക്ക് നം/തിയ്യതി |
|---|---|---|---|---|
| ഏപ്രിൽ 2019 | 141170 | 123276 | 21800020/8.4.19 | 072453/8.4.19 |
| | | 17598 | 21800059/30.4.19 | 072474/304.19 |
| | | 296 | 21800060/30.4.19 | 072474/304.19 |
| മേയ് 2019 | 166412 | 90690 | 21800099/17.5.19 | 072497/17.5.19 |
| | | 392 | 21800112/17.5.19 | 072499/17.5.19 |
| | | 9015 | 21800116/17.5.19 | 072501/17.5.19 |
| | | 53339 | 21800117/17.5.19 | 072501/17.5.19 |
| | | 12976 | 21800118/17.5.19 | 072502/17.5.19 |
| ജ്യൂൺ 2019 | 118171 | 1473 | 21900197/24.6.19 | 213157/24.6.19 |
| | | 2253 | 21900198/24.6.19 | 213157/24.6.19 |
| | | 2444 | 21900199/24.6.19 | 213157/24.6.19 |
| | | 110809 | 21900205/11.6.19 | 213159/11.6.19 |
| | | 1192 | 21900210/18.6.19 | 213163/18.6.19 |
| ജ്യൂലായ് 2019 | 133664 | 15954 | 21900309/17.7.19 | 377443/17.7.19 |
| | | 1304 | 21900310/17.7.19 | 377443/17.7.19 |
| | | 100660 | 21900311/17.7.19 | 377443/17.7.19 |
| | | 5920 | 21900309/19.7.19 | 377444/19.7.19 |
| | | 3830 | 21900313/17.7.19 | 377443/17.7.19 |
| | | 4032 | 21900314/19.7.19 | 377444/19.7.19 |
| | | 1964 | 21900333/26.7.19 | 377448/26.7.19 |
| ആഗസ്റ്റ് 2019 | 101145 | 101008 | 21900405/11.8.19 | 377474/11.8.19 |
| | | 137 | 21900413/13.8.19 | 377480/13.8.19 |
| സെപ്റ്റംബർ 2019 | 74860 | 2020 | 21900483/4.9.19 | 377524/4.9.19 |
| | | 108 | 21900514/16.9.19 | 377534/16.9.19 |
| | | 70973 | 21900515/16.9.19 | 377534/16.9.19 |
| | | 1759 | 21900546/26.9.19 | 516367/26.9.19 |
| ഒക്ടോബർ 2019 | 63225 | 62891 | 21900596/10.10.19 | 010758/10.10.19 |
| | | 221 | 21900597/10.10.19 | 010758/10.10.19 |
| | | 113 | 21900659/31.10.19 | 010758/10.10.19 |
| നവംബർ 2019 | 104211 | 102243 | 21900704/8.11.19 | 010805/8.11.19 |
| | | 109 | 21900705/8.11.19 | 010805/8.11.19 |
| | | 218 | 21900742/19.11.19 | 010816/19.11.19 |
| | | 220 | 21900743/19.11.19 | 010816/19.11.19 |
| | | 1421 | 21900744/19.11.19 | 010816/19.11.19 |
| ഡിസംബർ 2019 | 66261 | 65432 | 21900822/12.12.19 | 010903/12..12.19 |
| | | 108 | 21900861/30.12.19 | 010920/30.12.19 |
| | | 721 | 21900862/30.12.19 | 010920/30.12.19 |
| ജനുവരി 2020 | 60982 | 60982 | 21900936/15.1.2020 | 011055/15.1.20 |

| | | | | |
|---|---|---|---|---|
| ജനുവരി 2020 | 60982 | 60982 | 21900936/15.1.2020 | 011055/15.1.20 |
| ഫെബ്രുവരി 2020 | 79362 | 188 | 21901001/1.2.20 | 011085/1.2.20 |
| | | 78301 | 21901032/6.2.20 | 011107/6.2.20 |
| | | 164 | 21901065/11.2.20 | 011122/11.2.20 |
| | | 463 | 21901066/11.2.20 | 011122/11.2.20 |
| | | 246 | 21901115/29.2.20 | 011256/29..2.20 |
| മാർച്ച് 2020 | 125454 | 251 | 212901181/7.3.20 | 011298/7.3.20 |
| | | 1362 | 212901182/7.3.20 | 011298/7.3.20 |
| | | 8856 | 212901212/11.3.20 | 011307/11.3.20 |
| | | 138 | 212901213/11.3.20 | 011307/11.3.20 |
| | | 138 | 212901214/11.3.20 | 011307/11.3.20 |
| | | 918 | 212901215/11.3.20 | 011307/11.3.20 |
| | | 138 | 212901216/11.3.20 | 011307/11.3.20 |
| | | 138 | 212901217/11.3.20 | 011307/11.3.20 |
| | | 138 | 212901218/11.3.20 | 011307/11.3.20 |
| | | 138 | 212901219/11.3.20 | 011307/11.3.20 |
| | | 138 | 212901220/11.3.20 | 011307/11.3.20 |
| | | 55790 | 212901221/11.3.20 | 011307/11.3.20 |
| | | 55247 | 212901222/11.3.20 | 011307/11.3.20 |
| | | 2064 | 212901223/11.3.20 | 011307/11.3.20 |
| ആകെ | 1234917 | | | |

## 1-28-3 മെയിന്റനൻസ് ചാർജ്ജ്

| മാസം | തുക | വൗച്ചർ നം.തിയ്യതി | ചെക്ക് നം/തിയ്യതി |
|---|---|---|---|
| മേയ് 2019 | 8380 | 21800156/31.5.19 | 213136/31.5.19 |
| മാർച്ച് 2019 | 9276 | 21901247/17.3.20 | 011325/17.3.20 |
| ആകെ | 17656 | | |

കുടിവെള്ളപദ്ധതികൾ അറ്റകുറ്റപ്പണി തീർത്ത് ഗുണഭോക്തൃസമിതിക്ക് കൈമാറാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷ റിപ്പോർട്ടുകളിലെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയതിൻമേൽ ഇതുവരെ നടപടി സ്വീകരിച്ചില്ല,12.12.17 ലെ 6(1)തീരുമാനം പ്രകാരം ഗുണഭോക്ത സമിതിക്ക് കൈമാറാൻ തീരുമാനിച്ചെങ്കിലും നടപ്പിലാക്കിയില്ല.വീണ്ടും 27.7.19 2(1) തീരുമാന പ്രകാരം നിലവിലുള്ള കേട്ടു പാടുകൾ പൂർണ്ണമായി പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കി DPC അംഗീകാരം വാങ്ങിക്കുന്നതിനും എല്ലാ കുടിവെള്ള പദ്ധതികളും ഡിസംബർ 31 ന് മുമ്പായി ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ നടപ്പിലാക്കാത്തത് ഗുരുതരമായ അപാകതയാണ്.തന്മൂലം തനത് ഫണ്ടിൽ നിന്നും ഭീമ മായചെലവാണ് വരുന്നത്. ചെലവ് തുക ഓഡിറ്റിൽ തടസപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടത്തിയ മേൽ ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 4/2.9.21 നൽകിയതിന് പഞ്ചായത്തിലെ നിലവിലെ എല്ലാ കുടിവെള്ള പദ്ധതികൾക്കും 2 മാസത്തിനുള്ളിൽ ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ 4.8.21 ലെ 5(2)തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെന്നും കമ്മിറ്റിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടന്നും തുടർന്ന് വരുന്ന കാലയളവിൽ പമ്പ് ഓപ്പറേറ്റർ വേതനം,വൈദ്യുതി ചാർജ്ജ്,എന്നിവ ഗുണഭോക്ത സമിതി മുഖാന്തിരം നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ തന്നെ ഈ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പൂർണ്ണമായും ലംഘിച്ചുള്ള പ്രവർത്തനത്തിന്റെ ബാധ്യത ഭരണസമിതി, സെക്രട്ടറി എന്നിവരുടെ മേൽ ചുമത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-29 സമഗ്ര നെൽകൃഷി വികസനം - പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 16/21 സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | 2083100 (വികസന ഫണ്ട്)1188775(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1216250(വികസന ഫണ്ട്) |

മേൽ പദ്ധതിയുടെ ഭാഗമായി താഴെ കാണും പ്രകാരമുള്ള തുക കൂലി ചെലവു സബ്സിഡി ആയി ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തിയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | 04/19-20 തി 2.3.20 | 391125 | 50 |
| 2. | 05/19-20 തി 2.3.20 | 392700 | 51 |
| 3. | 06/19-20 തി 2.3.20 | 432425 | 60 |
| | ആകെ | 1216250 | 161 |

എന്നാൽ കൂലി ചെലവ് സബ്സിഡി നല്കാൻ ആധാരമാക്കിയ മാനദണ്ഡം ഫയലുകളിൽ നിന്നും വ്യക്തമല്ല. എത്ര സ്ഥലത്താണ് കൃഷി ചെയ്തത് എന്ന കാര്യം ഫീൽഡ് വിസിറ്റ് നടത്തി റിപ്പോർട്ട് ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ സർക്കാർ ഉത്തരവു പ്രകാരം ഉള്ള സബ്സിഡി പരിധി പാലിച്ചോ എന്നത് വ്യക്തമല്ല. പദ്ധതിയുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും തയ്യാറാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ കാര്യക്ഷമമായ രീതിയിൽ നടത്തിയിട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. സ.ഉ (കൈ)നം.11/2018/തസ്വഭവ/29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതായിരുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/06.09.2021(2019-20) ന് "ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം സമർപ്പിച്ച കരം അടച്ച രസീതി മാനദണ്ഡമാക്കി കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ആണ് കൃഷി ഓഫീസർ സബ്സിഡിക്ക് ശുപാർശ ചെയ്തതെന്നും ,ജനകീയാസൂത്രണം അപേക്ഷയിൽ ഫീൽഡ് പരിശോധന നടത്തി ശുപാർശ ചെയ്യുന്നതിനുള്ള കോളം ഇല്ലാതിരുന്നതിനാലാണ് സാക്ഷ്യപ്പെടുത്താൻ സാധിക്കാതിരുന്നതെന്നും നിർവഹണോദ്യോഗസ്ഥ മറുപടി നല്കുകയുണ്ടായി. 250 ഹെക്ടർ നെൽകൃഷിയാണ് കുറ്റിപ്പുറം കൃഷിഭവന് കീഴിലുള്ളത്. ഇതിൽ 175 ഹെക്ടറിനാണ് കൂലി ചിലവ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഒരു ഹെക്ടറിന് മാർഗരേഖ പ്രകാരം 17000 രൂപയാണ് പരമാവധി സബ്സിഡി. എന്നാൽ ഹെക്ടറിന് ബ്ലോക്ക് വിഹിതം അടക്കം 10000 രൂപ മാത്രമാണ് ഫണ്ടിന്റെ അപര്യാപ്തത കാരണം സബ്സിഡിയായി നൽകിയിട്ടുള്ളൂ. ആയതിനാൽ സർക്കാർ ഉത്തരവിലെ സബ്സിഡി പരിധി ലംഘിച്ചിട്ടില്ലെന്നും വിശദീകരിക്കപ്പെട്ടു.

എല്ലാ ഗുണഭോക്താക്കളും കരമടച്ച മുഴുവൻ ഭൂമിയിലും കൃഷി ചെയ്തു എന്നുറപ്പാക്കാനാവാത്ത സാഹചര്യത്തിൽ , കൃഷി ചെയ്ത ഏരിയക്ക് ആനുപാതികമായ സബ്സിഡി നിർണയിക്കുന്നതിനു ആധാരമാക്കേണ്ട സുപ്രധാന രേഖയായ ഫീൽഡ് പരിശോധന റിപ്പോർട്ട് അഡീഷണൽ ഷീറ്റിൽ തയാറാക്കാമെന്നിരിക്കെ അപേക്ഷാഫോമിൽ ഫീൽഡ് പരിശോധന റിപ്പോർട്ട് രേഖപ്പെടുത്താൻ സ്ഥലമില്ലെന്ന ബാലിശമായ മറുപടി ഓഡിറ്റിൽ അംഗീകരിക്കാനാവില്ല .

അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ടിഷ്യൂ കൾച്ചർ-വാഴതൈ വിതരണം:അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 311/20 ടിഷ്യൂ കൾച്ചർ വാഴതൈ വിതരണം(എസ്.സി.വനിത) |
| അടങ്കൽ | 33000 (എസ്.സി.പി) |
| ചെലവ് | 33000 |
| ബിൽ നം. തീയതി | 09/19-20 തി 31.3.2020 |

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും 33000/-രൂപ ചെലവഴിച്ച് VPFPCK സീഡ് പ്രോസസിംഗ് പ്ലാന്റ്, ആലത്തൂർ പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും തൈ ഒന്നിനു 20 രൂപ നിരക്കിൽ 1650 വാഴ കന്നുകൾ വാങ്ങി 100% സബ്സിഡി നിരക്കിൽ 25 തൈകൾ വീതം 66 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

<u>പദ്ധതിയിലെ അപാകതകൾ</u>

1.ഫയലിനോടൊപ്പമുള്ള അപേക്ഷകൾ മിക്കതും അപൂർണവും പ്രസക്തമായ വിവരങ്ങൾ പോലും രേഖപ്പെടുത്താത്തവയുമാണ്.

2.വാഴക്കന്നുകൾ കൈപറ്റിയതായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ച ലിസ്റ്റിലെ താഴെ കാണുന്ന ഗുണഭോക്താക്കളെ ഓഡിറ്റിന്റെ ഭാഗമായി ഫോൺ മുഖേന ബന്ധപ്പെട്ടതിൽ വാഴക്കന്നുകൾ ലഭ്യമായിട്ടില്ലെന്നു ഓഡിറ്റിനെ അറിയിക്കുകയുണ്ടായി.

| ക്രമ നം. | പേര് | വാർഡ് | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | അനുവദിച്ചതായി കണിച്ച വാഴ കന്ന് |
|---|---|---|---|---|
| 1. | ശ്രീമതി ശാന്ത ഇല്ലത്ത് മേപ്പുറം | 6 | 44 | 25 |

| | | | | |
|---|---|---|---|---|
| 2. | ശ്രീമതി പ്രബിത ഇല്ലത്ത് മേപ്പുറം | 6 | 45 | 25 |
| 3. | ശ്രീമതി ചെറുച്ചി ചെനക്കാപറമ്പിൽ | 11 | 90 | 25 |
| 4. | ശ്രീമതി മാധവി പൊറ്റമ്മൽ | 21 | 161 | 25 |
| 5. | ശ്രീമതി ഉഷ പാറക്കൽ | 21 | 151 | 25 |
| 6. | ശ്രീമതി സുശീല പുളിക്കപറമ്പിൽ | 20 | 119 | 25 |
| 7. | ശ്രീമതി ബിന്ദു പാലാർ വട്ടം | 20 | 118 | 25 |

മേൽ ലിസ്റ്റിലെ ഏതാനും ഗുണഭോക്താക്കൾ തൻവർഷത്തിൽ ഈ പദ്ധതിക്ക് വേണ്ടി അപേക്ഷപോലും നൽകിയിട്ടില്ലെന്നാണ് വ്യക്തമാക്കിയത്.

3. പദ്ധതിയുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കലും നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ കാര്യക്ഷമമായ രീതിയിൽ നടത്തിയിട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. സ.ഉ (കൈ)നം.11/2018/ തസ്വഭവ/29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതായിരുന്നു.

അപാകതകൾക്ക് വിശദീകരണം നല്കാനാവശ്യപെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 07/06.09.2021 ന് നല്കിയ മറുപടിയിൽ ആദ്യം തയാറാക്കിയ ഔഷധ സസ്യ കിറ്റ് എന്ന പ്രൊജക്ടിനാണ് ഗുണഭോക്താക്കൾ അപേക്ഷ നല്കിയത് എന്നും മേൽ അപേക്ഷയിലെ അപാകതകൾ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ മൂലം അപേക്ഷകർക്ക് നേരിട്ട് വന്നു പരിഹരിക്കാൻ സാധിച്ചിരുന്നില്ലെന്നും, പിന്നീട് അംഗീകൃത ഏജൻസികളിൽ നിന്നും മതിയായ ഔഷധ സസ്യ കിറ്റ് ലഭ്യമാകാത്തതിനാൽ പദ്ധതി "ടിഷ്യു കൾച്ചർ വാഴതൈ വിതരണം" എന്നാക്കി ഭേദഗതി വരുത്തിയെന്നും ഇക്കാര്യം ഗുണഭോക്താക്കളെ അറിയിക്കാൻ സാധിച്ചിരുന്നില്ലെന്നും, സാധാരണയായി കർഷകർ ഉപയോഗിക്കുന്ന വാഴക്കന്നിനു പകരം രൂപത്തിലും വലിപ്പത്തിലും വ്യത്യസ്തമായ പേപ്പർ ഗ്ലാസിൽ ചെടി രൂപത്തിലുള്ള ടിഷ്യു കൾച്ചർ വിതരണ ലിസ്റ്റിലെ പരാമർശിക്കപ്പെട്ട ഗുണഭോക്താക്കാൾക്ക് ലഭിച്ചിട്ടുണ്ടെന്നും അതിന്റെ സാങ്കേതിക നാമമായ "ടിഷ്യൂ കൾച്ചർ" എന്ന പദം കർഷകർക്ക് വശമില്ലാത്തതിനാലാകാം ലഭ്യമായിട്ടില്ലെന്ന തരത്തിൽ പ്രതികരിച്ചതെന്നും വിശദീകരണം നല്കി.

വളർന്ന ഫലം ലഭ്യമാകേണ്ട സമയ പരിധി കഴിഞ്ഞ സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിള ഏതിനമാണെന്ന 25 വീതം വാഴ തൈകൾ കൈപറ്റിയെന്ന വിതരണ രേഖയിൽ കാണിച്ചിട്ടുള്ള കർഷകർക്ക് ബോധ്യപ്പെട്ടിരിക്കാമെന്നതിനാലും, ലിസ്റ്റിൽ പരാമർശിക്കപ്പെട്ട ഗുണഭോക്താക്കൾ വാഴക്കന്ന് കൈപറ്റിയതിന്റെ രേഖ അല്ലാത്തതിനാലും മേൽ വിശദീകരണം ഓഡിറ്റിന് അംഗീകരിക്കാനാകില്ല.
പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലെ സുതാര്യതയിലും വന്ന പാളിച്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യത്തിലെ വീഴ്ച ഓഡിറ്റ് ഗൗരവപൂർവം വീക്ഷിക്കുന്നതാണ്.
അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 33000 രൂപ തടസത്തിൽ വെക്കുന്നു.

## 1-31 ദുരിതാശ്വാസനിധി രൂപീകരിച്ചില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.43/13.9.21 നൽകിയതിന് ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി.
ദുരിതാശ്വാസനിധി രൂപീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ബസ് സ്റ്റാന്റ്-ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല

ലേല രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ബസ് സ്റ്റാന്റ് ലേലത്തിലെടുത്തയാൾ ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ കൊടുക്കുന്നു

| പേര്, വിലാസം | ലേല തുക | കുടിശ്ശികയുള്ള ലേല തുക | SGST | CGST | FLOOD CESS | ആകെ |
|---|---|---|---|---|---|---|
| ഷഹനീസ് ബാബു, ഉറയ്ക്കൽ വീട് | 358000 | 188566 | 16971 | 16971 | 1886 | 224394 |

വാർഷിക സംഗ്രഹ പ്രകാരം 183666/- രൂപയാണ് കുടിശ്ശികയായി അവശേഷിക്കുന്നത്.അപാകതക്ക് ഓഡിറ്റ് എൻക്വയറി (നം.26/09.09.2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.കുടിശ്ശികയുള്ള ലേല തുക ഈടാക്കി അടവാക്കേണ്ടതാണ്.

## 1-33 വാടക ഈടാക്കാൻ അവശേഷിക്കുന്നു

രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20വർഷത്തിൽ വാടക ഈടാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല.

| കെട്ടിട നം | പേര്, വിലാസം | മാസ വാടക/ ലേല തുക | കുടിശ്ശികയുള്ള വാടക/ ലേല തുക | SGST | CGST | FLOOD CESS (ആഗസ്റ്റ് മുതൽ) | ആകെ |
|---|---|---|---|---|---|---|---|
| ബങ്ക് 124 | സി.കെ മുഹമ്മദ് ചങ്ങനംകാട്ടിൽ | 6288 | 6288 | 566 | 566 | 63 | 7483 |
| FF2 (ഷോപ്പിംഗ് കോംപ്ലക്സ്) | പ്രസിഡന്റ് & സെക്രട്ടറി മുസ്ലീം കൾച്ചറൽ സൊസൈറ്റി | 551 | 6612 | 600 | 600 | 44 | 7856 |
| ആകെ | | | | | | | 15339/- |

അപാകതക്ക് ഓഡിറ്റ് എൻക്വയറി (നം.25/09.09.2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയുള്ള വാടക ഈടാക്കി അടവാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 തിരൂർ റോഡ് മുതൽ ബസ്സ്റ്റാന്റ് വരെയുള്ള ഓടയിലെ മാലിന്യം നീക്കം ചെയ്യൽ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 6244 രൂപ

തിരൂർ റോഡ് മുതൽ ബസ്സ്റ്റാന്റ് വരെയുള്ള ഓടയിലെ മാലിന്യം നീക്കം ചെയ്യൽ എന്ന പ്രവൃത്തിയാണിത്. എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള ഓടയുടെ കവറിംഗ് സ്ലാബ് എടുത്തു മാറ്റി ഓടയിലെ മാലിന്യം നീക്കം ചെയ്യുകയും പുതിയതായി 50 കവറിംഗ് സ്ലാബുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. പ്രവൃത്തിയുടെ ഇനം 3 പ്രകാരം സെന്ററിംഗ് ഷട്ടറിംഗ് ചെയ്തതിന് DAR Code 5.9.5 പ്രകാരമുള്ള നിരക്ക് വച്ച് 14374.43 (29.90 M2@480.75/M2) രൂപ അനുവദിച്ചു. Lintels,Beams,Plinth Beams,Girders Bressumers,Cantilevers തുടങ്ങിയ ഇനങ്ങൾക്ക് ബാധകമായ നിരക്കാണ് DAR 5.9.5 പ്രകാരമുള്ളത്. ഈ പ്രവൃത്തിയിൽ ഡ്രൈനേജിനുള്ള കവറിംഗ് സ്ലാബിനുള്ള സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തിയായതിനാൽ ഇതിന് അനുവദനീയമായത് DAR 5.9.1പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക @480.75/$M^2$ | നൽകാവുന്ന തുക @271.91/$M^2$ | അധികം |
|---|---|---|---|---|
| പ്രോജക്ട് - (225/20)<br>ഫണ്ട് - Plan (G)<br>ബിൽ 35/20.1.20<br><br>തുക - 146320 | 29.90 $M^2$ | 14374.43 | 8130 | 6244 |

| |
|---|
| M Book - 61/17-18<br>കരാർ-36/26.12.17 (Estimate Rate)<br>കരാറുകാരൻ ശ്രീ.ഒ.ഹനീഫ<br>Cost Index-40.2% DAR<br>TS-300000 |

തൻ വർഷത്തിൽ ചെയ്ത മറ്റ് ഡ്രൈനേജിനുള്ള കവറിംഗ് സ്ലാബിനുള്ള സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തികളിൽ DAR 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഉദ:- പാറത്തൊടി ഡ്രൈനേജ് നിർമ്മാണം (255/20)

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 / 6.9.21 (2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അംഗീകാരം നൽകിയതിലും വന്ന അപാകതയായതിനാൽ അധികം നൽകിയ 6244രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 2019-20 ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | ലഭിച്ച തുക | | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | മുൻ വർഷം | തൻ വർഷം | | | |
| ബ്ലോക്ക് പഞ്ചായത്ത് | | 750000 | പ്രൊജക്ട് .നം 107/20.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 100000 | 354096 | പ്രൊജക്ട് .നം 90/20.പാലിയേറ്റീവ് കെയർ | 354096 | 100000 |
| | 0 | 122486 | പ്രോ.നം-230/20 പറതൊടി അഴുക്ക് ചാൽ നിർമ്മാണം | 122486 | 0 |
| | 0 | 535113 | പ്രോ.നം-258 പൈങ്കണ്ണൂർ അംഗൻവാടി കെട്ടിടം നിർമ്മാണം | 535113 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 450000 | പ്രൊജക്ട് .നം 107/20.ശാരീരിക മാനസിക വെല്ലുവിളി | 450000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ആകെ | 100000 | 1461695 | | 1461695 | 100000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE KURDFC | | - | 7383680 | 1860994 | 0 | 5522686 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| ആകെ | 55000 |

കുറിപ്പ് – സ്ഥിര നിക്ഷേപത്തിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കിന്റെ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 44 | 2004-05 | കളിസ്ഥലം-കൺവീനർക്ക് നൽകിയ അഡ്വാൻസ് | നടപടികൾ തുടരുന്നു |
| 1998-99 | 48 | 2004-05 | കുടിവെള്ള പദ്ധതികൾ നിക്ഷേപം | നടപടികൾ തുടരുന്നു |
| 2010-11 | 3(3) | 2014-15 | മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |
| 2011-12 2012-13 | | 2014-15 | കർഷക തൊഴിലാളി പെൻഷൻ അവലോകനം | - |
| 2014-15 | 2(1),2(2),2(3) 2(4),2(5),2(6) | 2016-17 | തൊഴിൽ നികുതി | നടപടികൾ തുടരുന്നു |
| | | | | |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 3(4) | 2017-18 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ് / സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1. | 1996-97 | 43,47,48 എ, ബി, 49 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 14.12.2001 LF9737/Sp.Cell. SC3/2000 | 9583 | 0 | 9583 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 2. | 1998-99 | 30(1), 30(4) | കെ.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 19.09.2008, 23.09.2008 | 6817 | 0 | 6817 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3. | 2000-01 | 7-1 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006 ,22.5.2009/ 28.5.2009 | 11731 | 0 | 11731 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 4. | 1996-97 | 53,58,63 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | LF973/Spl.Cell SC3/00 14.12.2001 | 16118 | 0 | 16118 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 5. | 1996-97 | 50,52,54,56-1, ,56-2, 57,59,60,61,62 | കെ ശ്രീധരൻ | LF9737/Sp.Cell. SC3/2000 14.12.2001 | 6783 | 0 | 6783 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 6. | 1998-99 | 35,36 | പി,ഗംഗാദാസ് | LF15317/Spl.Cell/Sc5/05 , 19.9.2008, 23.09.2000 | 5549 | 0 | 5549 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 7. | 2000-01 | 18 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006, 22.5.2009/ 28.5.2009 | 1028 | 0 | 1028 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 8. | 2006-07 | 3-1 | വി.കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 35516 | 0 | 35516 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 9. | 2006-07 | 3-10 | വി.കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4855 | 0 | 4855 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 10. | 2006-07 | 2-9 | വി.കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 5000 | 0 | 5000 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 11. | 2006-07 | 2-14 | വി.കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4536 | 0 | 4536 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 12. | 2006-07 | 3-8 | വി.കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4773 | 0 | 4773 | തുടർനടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13. | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1,391/ SPL. CELL SD1/ 1231.10.2014 | 23723 | 0 | 23723 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 14. | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1, 391/ SPL. CELL SD1/12, 3.9.15 | 118945 | 0 | 118945 | തുടർനടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76000456 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74656084 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6244 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2865119 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 3122 | ശ്രീമതി.മുനീറ ബീവി.എസ്, അസി.എഞ്ചിനീയർ |
| 3-1 | | 3122 | ശ്രീ.വാസു.ടി.പി,<br>അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |
| ആകെ | | 6244 | |

സി) ഓഡിറ്റ് തടസ്സപെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 113515 | ശ്രീ. നന്ദനൻ എൻ .അസിസ്റ്റന്റ് സെക്രട്ടറി |
| 1-14 | 525000 | ശ്രീ. നന്ദനൻ എൻ .അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 256922 | ശ്രീമതി.മുനീറ ബീവി.എസ്, അസി.എഞ്ചിനീയർ |
| 1-28-1<br>1-28-2<br>1-28-3 | 684109<br>1234917<br>17656 | ശ്രീമതി.ഫ്ളോസിലാസ് ,സെക്രട്ടറി |
| 1-30 | 33000 | ശ്രീമതി.മുഹ്സിന .എം.കെ,കൃഷി ഓഫീസർ |
| ആകെ | 2865119 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഏഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മുനീറ ബീവി.എസ്, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ LSGD സബ് ഡിവിഷൻ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് കൊല്ലം | സംസം മഹൽ, വള്ളിക്കീഴനഗർ, കാവനാട് പി.ഒ., കൊല്ലം,പിൻ-691003 |
| ശ്രീ.വാസു.ടി.പി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | എക്സി.എഞ്ചിനീയർ PIU കാസർഗോഡ് | തൈപ്പറമ്പിൽ ഹൗസ്, പോത്തന്നൂർ, പി.ഒ.പൊൽപ്പാക്കര, എടപ്പാൾ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1968-69 | എൽ.എഫ്.എം 7/1461/94/ 27-9-94 | 1 |
| 1969-70 | എൽ.എഫ്.എം 7/1462/94/ 27-9-94 | 2 |
| 1970-71 | എൽ.എഫ്.എം 7/1463/94/ 27-9-94 | 1 |
| 1971-72 | എൽ.എഫ്.എം 7/1464/94/ 27-9-94 | 3 |
| 1979-80 | എൽ.എഫ്.എം 7/1465/94/ 27-09-94 | 4 |
| 1980-81 | എൽ.എഫ്.എം 7/1466/94/ 27-09-94 | 5 |
| 1981-82 | എൽ.എഫ്.എം 7/1467/94/ 27-09-94 | 12 |
| 1982-83 | എൽ . എഫ് എം 7/1830/28-09-94 | 11 |
| 1983-84 | എൽ . എഫ് എം 7/1831/28-09-94 | 9 |
| 1984-85 | എൽ . എഫ് എം 7/1832/28-09-94 | 14 |
| 1985-86 | എൽ . എഫ് എം 7/1833/28-09-94 | 12 |
| 1986-87 | എൽ . എഫ് എം 7/1834/28-09-94 | 29 |
| 1987-88<br>1988-89 | എൽ . എഫ് എം 7/1835/28-09-94 | 13 |
| 1989-90<br>1990-91 | എൽ . എഫ് എം 7/1307/94/<br>05-8-2004 | 17 |
| 1991-92 | എൽ . എഫ് എം 13/93/08-07-1993 | 14 |
| 1992-93<br>1993-94<br>1994-95<br>1995-96 | എൽ . എഫ് എം 5/722/94/28-9-94 | 39 |
| 1996-97 | എൽ എഫ് എം 11/(13) 708/98/<br>29-03-2000 | 18 |
| 1999-00 | എൽ എഫ് എം 12/1477/03/15-5-04 | 33 |
| 2000-01 | എൽ എഫ് എം 12/1478/03/15-5-04 | 33 |
| 2001-02 | എൽ എഫ് എം 12/1479/03/17-5-04 | 10 |
| 2002-03<br>ചെലവ് | എൽ . എഫ് എം 9/1319/06/ 08.01.2007 | 24 |
| 2002-03<br>വരവ് | എൽ . എഫ് എം 9/2153/07/ 30.01.12 | 9 |
| 2003-04<br>ചെലവ് | എൽ . എഫ് എം 9/2154/07/ 30.01.12 | 7 |
| 2004-05<br>ചെലവ് | എൽ . എഫ് എം 7/1320/918/7/ 30.01.12 | 22 |
| 2004-05 | എൽ . എഫ് എം 9/2155/07/22.05.08 | 23 |
| 2005-06 | എൽ . എഫ് എം 9/779/10/28.07.10 | 7 |
| 2006-07 | എൽ . എഫ് എം 9/780/10/31.01.12 | 10 |
| 2007-08 | എൽ . എഫ് എം 7/13/1224/2012/2012/16-7-12 | 22 |
| 2008-09 | എൽ . എഫ് എം 13/1225/2012/24-7-12 | 27 |
| 2009-10 | എൽ.എഫ്.എം.13/2441/12/22-1-18 | 18 |
| 2010-11 | എൽ.എഫ്.എം13/1767/2013/24-03-14 | 17 |
| 2011-12<br>2012-13 | എൽ . എഫ് എം 13/2042/2014<br>04.11.18 | 25 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.13/1404/16/28.6.17 | 37 |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3276/16/18.4.18 | 30 |
| 2016-17 | കെ.എസ്.എ.എം.പി.എം.13/2002/2017 / 18.7.2018 | 24 |
| 2017-18 | കെ.എസ്.എ.എം.പി.എം.13/2610/2018 / 10.12.2018 | 34 |
| 2018-19 | കെ.എസ്.എ.എം.പി.എം.13/19/2020 /14/02/2020 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്